കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പറപ്പൂക്കര ഗ്രാമപഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ടി.എസ്.ആർ.(പി.10)1316/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.
ഫോൺ: 0487 – 2331249
ഇ-മെയിൽ: dotsr.ksad@kerala.gov.in
തീയതി. 15/12/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പറപ്പൂക്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പറപ്പൂക്കര ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ

ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ടി.എസ്.ആർ(പി.10)1316/2020 തീയതി:15/12/2020

## തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-18 മുതൽ 25.9.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് 2018-2019 സാമ്പത്തിക വർഷത്തെ പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറികൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല. ജലപ്രളയത്തിൽ നഷ്ടപ്പെട്ട രേഖകളുടെ വിവരം വിവിധ ഖണ്ഡികകളിൽ സൂചിപ്പിച്ചിട്ടുണ്ട്.(ഖണ്ഡിക 1-17, 1-26). ഇക്കാര്യം പഞ്ചായത്ത് സെക്രട്ടറിയുടെ 14.11.2018 ലെ കത്ത് നമ്പർ എ2-6720/18 പ്രകാരം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ഭരണസമിതിയിൽ 26.09.2018 തിയതിയിലെ 5(1) തീരുമാന പ്രകാരം രേഖകൾ നഷ്ടപ്പെട്ടതായി അംഗീകരിച്ചിട്ടുണ്ട്.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10-11-2020 മുതൽ 24-11-2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഷോബി.വി.പി.<br>ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>12-11-2020, 16-11-2020, 18-11-2020 തീയതികളിൽ ഓഫീസ് ഡ്യൂട്ടി. 20/11/2020 വരെ മാത്രം ക്യാമ്പിൽ ഹാജരായി. |
| | ശ്രീമതി.ലിസി ടി.ജെ .<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>16-11-2020 ഓഫീസ് ഡ്യൂട്ടി. |
| | ശ്രീ.ശിവദാസൻ.എ.കെ<br>അസി.ഓഡിറ്റ് ഓഫീസർ<br>12-11-2020 മുതൽ 16-11-2020 വരെ ഓഫീസ് ഡ്യൂട്ടി. |
| | ശ്രീ.ജോയ്സൻ.സി.ജെ., ഓഡിറ്റർ<br>16-11-2020 ഓഫീസ് ഡ്യൂട്ടി |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.കാർത്തിക ജയൻ | 01.04.2018 മുതൽ 31.3.19 വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| അജിത കെ. | 01/04/2018 മുതൽ 31/03/2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വി.വസന്തകുമാർ | 01.04.2018 മുതൽ 05.03.2019 വരെ |
| | ശ്രീമതി.മഞ്ജുള ബോസ് | 06-03-2019 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ശാലിനി.എം.ആർ. | 01.04.2018 മുതൽ 26.06.2018 വരെ |
| | ശ്രീ. ജോൺസി.ടി.ജെ | 27-06-2018 മുതൽ 31-03-2019 വരെ |
| കൃഷി ഓഫീസർ | ശ്രീ. എൻ.കെ അജിത് മോഹനൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി. ശ്രുതി.ടി.രാംമോഹൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.കെ.പി. സിജി | 01.04.2018 മുതൽ 13.07.2018 വരെ |
| | ഡോ.ശിവരാജൻ.കെ.ജി | 14-07-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ ഐ.എസ്.എം. | ഡോ.ബിന്ദു.ജി.നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.രേഖ. പി | 01.04.2018 മുതൽ 22.11.2018വരെ |
| | ഡോ.രാജീവ്.കെ.ആർ | 23-11-2018 മുതൽ 31-03-19 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി. ലിസി.ടി.എ. | 01.04.2018 മുതൽ 11.05.2018 വരെ |
| | ശ്രീമതി. രേണുക | 12.05.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. (നന്തിക്കര) | ശ്രീ.അഭിലാഷ് മോഹൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. (പറപ്പൂക്കര) | ശ്രീ.കെ.ശ്രീശാന്ത് | 01.04.2018 മുതൽ 15.02.2019 വരെ |
| | ശ്രീ. അഭിലാഷ് മോഹൻ | 16.02.2019 മുതൽ |

| | | |
|---|---|---|
| | (ചാർജ്) | 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്റ്റ്രക്ടർ | ശ്രീമതി.ഇഷ മുരളി | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>(റസീറ്റ് &പേമെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ | 1-12 |
| 13 | ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ നിഷ്ക്രിയാവസ്ഥയിൽ-ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-13 |
| 14 | പിരിച്ചെടുത്ത തുക ഓഡിറ്റ് വേളയിൽ അടവാക്കി | 1-14 |
| 15 | ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിൽ ഒ.എഫ്.സി സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിലെ അപാകതകൾ | 1-15 |
| 16 | റോഡ് റീസ്റ്റോറേഷനുള്ള പഴയ നിരക്കുകൾ പ്രകാരം റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കി-ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചു | 1-16 |
| 17 | പ്രളയത്തിൽ നഷ്ടപ്പെട്ട ഫയലുകൾ | 1-17 |
| 18 | ദേശീയ തൊഴിലുറപ്പു പദ്ധതി--ക്വാറി മക്ക് ഫില്ലിങ്ങിന് അധിക നിരക്ക് നൽകി | 1-18 |
| 19 | ഡയറി ഫാം ഇൻസ്റ്റ്രക്ടർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ | 1-19 |

| | | |
|---|---|---|
| | പ്രൊജക്ടുകൾ---ന്യൂനതകൾ | |
| 20 | നീർത്തട മാസ്റ്റർ പ്ലാൻ ചെലവു രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-20 |
| 21 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി – രേഖകൾ ഹാജരാക്കിയില്ല. | 1-21 |
| 22 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കായി പ്രോജക്ടുകളുടെ വിവരങ്ങൾ. | 1-22 |
| 23 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിലെ നിരീക്ഷണങ്ങൾ | 1-23 |
| 24 | കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല | 1-24 |
| 25 | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ | 1-25 |
| 26 | തനതുഫണ്ട് വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-26 |
| 27 | വിനിയോഗ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കേണ്ടതാണ്. | 1-27 |
| 28 | തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾ-അപാകതകൾ | 1-28 |
| 29 | കന്നുകുട്ടിപരിപാലനം- തുടർ നടപടി സ്വീകരിക്കേണ്ടതാണ്. | 1-29 |
| 30 | സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-30 |
| | ഭാഗം 2 – ഇല്ല | |
| | ഭാഗം 3 – ഇല്ല | |
| 31 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-2 |
| 33 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 35 | വായ്പ/ വായ്പതിരിച്ചടവ് | 4-5 |
| 36 | സ്ഥിര നിക്ഷേപം | 4-6 |
| 37 | ഓഡിറ്റ് റിക്കവറി | 4-7 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 39 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 43 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം 2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ബജറ്റ് 21/3/18 തീയതിയിലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 162964550/- രൂപയും ചെലവ് 159957500/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2019 | 27/05/2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5192773.15 |
| വരവ് | 96940429 |
| ആകെ | 102133202.15 |
| ചെലവ് | 80870965 |
| നീക്കിയിരിപ്പ് | 21262237.15 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16043000 | 16043000 | 15079541 | 963459 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 12860000 | 12860000 | 11795406 | 1064594 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 13357000 | 13357000 | 11576430 | 1780570 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3337000 | 3337000 | 3337000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9378393 | 9378393 | 7164338 | 2214055 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 231 | 97272132 | 116 | 62417567 | 80 | 35 | 64.167 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 20544 | 516579 | 537123 | 529839 | 7284 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 15866731 | 15866731 | 15866731 | 0 |

ഇൻകം & എക്സ്പെന്റിച്ചർ ഷെഡ്യൂൾ I.6 മായി 1263582/-രൂപ വ്യത്യാസപ്പെട്ടിരിക്കുന്നത് മെറ്റീരിയൽ വർക്കിനുള്ള തുക ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ആയി മാറ്റിയതാണ്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 31560 | 33 |
| കർഷകതൊഴിലാളി പെൻഷൻ | 10621600 | 2522 |
| വിധവാപെൻഷൻ | 15028400 | 3503 |
| വാർദ്ധക്യകാലപെൻഷൻ | 22591200 | 5078 |
| വികലാംഗപെൻഷൻ | 4108000 | 948 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 1211600 | 281 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20/11/2020 തീയതിയിൽ 3.30 pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8845 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. നിർവ്വഹണോദ്യോഗസ്ഥരുടെ സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായ ഫോർമാറ്റിലല്ല പലയിടത്തും സൂക്ഷിച്ചിട്ടുള്ളത്. ഉദാ. ഹെഡ്മിസ്ട്രസ്സ് പറപ്പൂക്കര എൽ.പി സ്കൂൾ.

2. പഞ്ചായത്തിലെ വിവിധ സ്റ്റോക്ക് രജിസ്റ്ററുകളും സമയബന്ധിതമായ വിവരങ്ങൾ ചേർത്ത് പുതുക്കുന്നില്ല എന്ന് കാണുന്നു. ബില്ലുകളിൽ സ്റ്റോക്ക് എൻട്രി ചേർക്കാത്ത സാഹചര്യങ്ങളുമുണ്ട്.

3. പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് കാണുന്നു. നിർവ്വഹണോദ്യോഗസ്ഥർ വാങ്ങുന്ന ഉപകരണങ്ങളുടെ വാങ്ങൽ നടപടി പ്രൊക്യുർമെന്റ് കമ്മിറ്റി അംഗീകരിച്ചതായി കാണുന്നില്ല. ഉദാ. പ്രൈമറി സ്കൂൾ

എച്ച്.എം നടത്തിയ വാങ്ങലുകൾ ഒന്നും തന്നെ കമ്മിറ്റി അംഗീകരിച്ചിട്ടില്ല. സപ്ലൈ ചെയ്യുന്ന ഉത്പന്നങ്ങളുടെ ഗുണമേൻമ പരിശോധന, ടെൻഡർ ഉറപ്പിക്കുന്നതിന് മുമ്പ് സാംപിൾ പരിശോധന, വിലയിരുത്തൽ തുടങ്ങിയ പല അനിവാര്യപ്രവർത്തനങ്ങളും നടന്നതായി കാണുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15/10/2020 | 2020 ജനുവരി, ഫെബ്രുവരി, മാർച്ച് | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12/12/2002-31/12/2002 | 97-98 മുതൽ 2001-02 വരെ | 31-12-2012 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | സഞ്ചയ ഡി.സി.ബി ലഭ്യമാക്കിയിട്ടില്ല. | | | |
| വാർഷികകണക്കിലെ | 2842117 | 2724352 | 64181 | *4908 |
| വിവിധ പത്രികകൾ പ്രകാരം | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | * (5153/105X100)= 4908 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ |

| | | | | |
|---|---|---|---|---|
| | | | | ബി-15) |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | സഞ്ചയ ഡി.സി.ബി ലഭ്യമാക്കിയിട്ടില്ല. | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1850101 | 1653548 | 285 | *14375 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | * (15094/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.2കുടിശ്ശിക</u>

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | സഞ്ചയ ഡി.സി.ബി ലഭ്യമാക്കിയിട്ടില്ല. | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *17258 | 3384 | ** 8159 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (3902+14219=18121/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (8567/105X100)=8159 |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | സഞ്ചയ ഡി.സി.ബി ലഭ്യമാക്കിയിട്ടില്ല. | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 96755 | 42770 | 51223 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) * (24621+76972=101593/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (53784/105X100)=51223 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|
| | തൻ | കുടി | ആകെ | തൻ | കുടി | ആകെ | | | തൻ | കുടി | ആകെ |

| | | | | | | |
|---|---|---|---|---|---|---|
| | | വർഷം ശ്ലിക | വർഷം ശ്ലിക | | | വർഷം ശ്ലിക |
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | റെസിഡൻഷ്യൽ | സഞ്ചയ ഡി.സി.ബി ലഭ്യമാക്കിയിട്ടില്ല. | | | | |
| | നോൺ-റെസിഡൻഷ്യൽ | | | | | |
| | ആകെ | | | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 254157 | 224807 | 243811 | | 3937 |
| | | 5702+248455 = (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | (431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

* voucher no. 41800337 പ്രകാരം prior period expense ആയി കുറവ് വരുത്തിയ 707 രൂപ അംഗീകരിക്കുന്നില്ല.

2.4 1/4/2018ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ 185 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 3 എൻട്രികളിലൂടെ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.5 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior period items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues | 64181 | 64181+48679 |

| | | | |
|---|---|---|---|
| | -Property tax on Residential building | | |
| 2 | 350410101-Advance collection of revenues -Property tax on Non-Residential building | 285 | 285+182178 |

2.6തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 230857(48679+182178)രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക്ക്ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.6.1 റെസിഡൻഷ്യൽ

| ക്ര.നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800332 | 31-3-2019 | 48679 |

2.6.2 നോൺ-റെസിഡൻഷ്യൽ

| ക്ര.നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800333 | 31-3-2019 | 182178 |

3. 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക. | 130100101-Rent from Building | 417741 | 25-07-2018 | 41800037 |
| | | | 44463 | 31-03-2019 | 41800225 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4വാടക ഡിമാന്റ് രജിസ്റ്റർ

5 ലൈബ്രറി രജിസ്റ്റർ

6 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

7 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

8 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

5.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 48679 |
| 280100104-Prior period income-Property tax on non residential buildings | 182178 |
| 280200101-Prior period income- Recovery of revenues written off-Property tax | (368831) |
| 280200401Prior period income- other income | 154796 |
| 280800101-Prior period- expenses-Tax remission and refund-Property tax on residential buildings | 5973 |
| 280500104-Prior period- expenses-Tax remission and refund-Property tax on non residential buildings | 2926 |
| 280600499 -Prior period- expenses- remission and refund-other incomes | (707) |
| 280800201 -Prior period- Administrative expenses- | 47785 |
| 280800301 -Prior period- Operation and maintenance expenses | (20000) |
| 280800501 -Prior period-Programme expenses | 11000 |

6.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായി സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായി സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്.

7.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

8.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19

കാലയളവിലെ "Net increase in cash and cash equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 16069464 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 21625885രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

9. ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 4303രൂപ "Cheques deposited but not credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

# 1-12 തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ

1.കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി(4/10.11.2020) നൽകിയെങ്കിലും, മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.2018-19 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ

| ക്ര നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | സുപ്രിയ ടൈൽസ് | I,II |
| 2 | ഗാർനെറ്റ് പോളിടെക്,ആലത്തൂർ | I,II |
| 3 | ഹോട്ടൽ ആര്യാസ് | I,II |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി(4/10.11.2020) നൽകി, ഗാർനെറ്റ് പോളിടെക് (ആലത്തൂർ), ഹോട്ടൽ ആര്യാസ് എന്നിവ പ്രവർത്തനരഹിതമായിരുന്നുവെന്നാണ് മറുപടി നൽകിയത്. പ്രവർത്തന രഹിതമായിരുന്നുവെന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3.2018-19 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ

| ക്ര നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1. | ബി.എസ്.എൻ.എൽ | I,II |
| 2. | ക്ഷീര സഹകരണ സംഘം,തൊട്ടിപ്പാൾ | I,II |
| 3. | ഭാവന എന്റർപ്രൈസസ്സ് | I,II |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി(4/10.11.20) നൽകി, ഈടാക്കിയിട്ടില്ലായെന്നാണ് മറുപടി നൽകിയത്. ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4.ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കുന്നു

| ക്ര നം | പേര്, സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷ ശമ്പളം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | സജിത്ത് എ.എ | 125900/- | 1000/- | 1250/- | 250/- | |

| | | | | | | |
|---|---|---|---|---|---|---|
| | ഓഫീസ് അറ്റൻഡന്റ്<br>ജി.വി.എച്ച്.എസ്.എസ്.<br>നന്തിക്കര | | | | | |
| 2. | ഷീജ കെ.എം<br>ഓഫീസ് അറ്റൻഡന്റ് ഗ്രേ II<br>സബ് രജിസ്ട്രാർ ഓഫീസ്, നെല്ലായി | 124200/-(Ist half)<br>124200/-(IInd half) | 1000/-(Ist half)<br>1000/-(IInd half) | 1250/-(Ist half)<br>1250/-(IInd half) | 250/-<br>250/- | ഫെസ്റ്റിവൽ അലവൻസ് ഉൾപ്പെടുത്തിയിട്ടില്ല |
| 3. | ഭാസ്കരൻ എം.ആർ<br>ഹോസ്പിറ്റൽ അറ്റൻഡന്റ്<br>പി.എച്ച്.സി, പന്തലൂർ | 127300/- | 1000/- | 1250/- | 250/- | |
| 4. | വി.എ സുരേഷ് കുമാർ, ക്ലർക്ക്<br>അമല എന്റർപ്രൈസസ്<br>പറപ്പൂക്കര | 60400/- | 450/- | 600/- | 150/- | |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (4/10.11.2020) നൽകി, ഈടാക്കിയിട്ടില്ലായെന്നാണ് മറുപടി നൽകിയത്. കുറവായി ഈടാക്കിയ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ നിഷ്ക്രിയാവസ്ഥയിൽ-ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ പറയുന്ന ആസ്തികൾ ഉള്ളതായി കാണുന്നു. ഈ ആസ്തികളിൽ നിന്നും ഗ്രാമപഞ്ചായത്തിന് യാതൊരു വിധ തനതു വരുമാനവും ലഭിക്കുന്നില്ല.

| ക്രമ നം. | ആസ്തിയുടെ പേര് | വിസ്തൃതി (ച.മീ) |
|---|---|---|
| 1 | കുടുംബശ്രീ വ്യവസായ കേന്ദ്രം 1 | 27.5 ച.മീ |
| 2 | കുടുംബശ്രീ വ്യവസായ കേന്ദ്രം 2 | 36 ച.മീ |

ഈ ആസ്തികളെല്ലാം നിഷ്ക്രിയാവസ്ഥയിലാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇതേക്കുറിച്ച് ചർച്ച നടത്തുകയോ, ആസ്തികളുടെ ഉദ്ദേശ്യ ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.(5) നൽകി, മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ആസ്തികളുടെ ഉദ്ദേശ്യ ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 പിരിച്ചെടുത്ത തുക ഓഡിറ്റ് വേളയിൽ അടവാക്കി

രശീതി നം.12/45850 പ്രകാരം കെട്ടിടനമ്പർ 3/431 കെട്ടിടത്തിന്റെ വസ്തുനികുതി 103/-രൂപ ഉടമസ്ഥനിൽ നിന്നും ഈടാക്കിയതായി കാണുന്നു. എന്നാൽ ഈ തുക കളക്ഷൻ രജിസ്റ്ററിൽ ചേർക്കുകയോ, ഗ്രാമപഞ്ചായത്തിൽ അടവാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി അടവാക്കിയതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 7/13.11.2020 നൽകിയപ്പോൾ പ്രസ്തുത തുക ഓഡിറ്റ് വേളയിൽ രശീതി നം.120070102568 പ്രകാരം 20/11/2020-ാം തിയ്യതിയിൽ ഗ്രാമപഞ്ചായത്തിൽ അടവാക്കി.

# 1-15 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിൽ ഒ.എഫ്.സി സ്ഥാപിക്കുന്നതിന് അനുമതി

## നൽകുന്നതിലെ അപാകതകൾ

അപേക്ഷ നം.എ4-227/19 തി.11/1/2019 പ്രകാരം റിലയൻസ് ജിയോ, ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിൽ 1.6 കീ.മി നീളത്തിൽ ഒ.എഫ്.സി സ്ഥാപിക്കുന്നതിന് അപേക്ഷ നൽകിയിരുന്നു.പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ കമ്മിറ്റി തീരുമാനം 5(1)/21.3.2019 പ്രകാരം രാപ്പാൾ റോഡിൽ 450 മീറ്ററും,വൈലൂർ റോഡിൽ 1100 മീറ്ററും ഒ.എഫ്.സി സ്ഥാപിക്കുന്നതിന് അനുമതി നൽകി. ആയതുപ്രകാരം ജിയോ പ്രസ്തുത റോഡിൽ ഒ.എഫ്.സി സ്ഥാപിക്കുകയും ചെയ്തു.

സംസ്ഥാന സർക്കാർ 15.9.2015 ലെ സ.ഉ(കൈ) നം 39/2015/വി.സ.വ ഉത്തരവു പ്രകാരം ഒ.എഫ്.സി കേബിൾ സ്ഥാപിക്കുന്നതിന് റൈറ്റ് ഓഫ് വേ അനുമതി ആവശ്യമാണ്. RoW(Right of Way) അനുമതിക്കുവേണ്ടി one time contribution ആയി കീ.മീറ്ററിന് 75,000/- രൂപ നിരക്കിൽ Director, Kerala State IT Mission എന്ന പേരിൽ അടവാക്കേണ്ടതാണ്. വിവര സാങ്കേതിക വകുപ്പാണ് ടെലഫോൺ കമ്പനികൾക്ക് ഒ.എഫ്.സി കേബിൾ സ്ഥാപിക്കുന്നതിനുള്ള RoW അനുമതി നൽകുന്നത്.

ഫയൽ പരിശോധിച്ചതിൽ നിന്നും റിലയൻസ് ജിയോയ്ക്ക് പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ മേൽ പ്രസ്താവിച്ച റോഡിൽ ഒ.എഫ്.സി കേബിൾ സ്ഥാപിക്കുന്നതിനുള്ള RoW അനുമതിയുണ്ടെന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും തന്നെ കാണാൻ സാധിച്ചില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 6/13.11.2020 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. RoW(Right of Way) അനുമതിയില്ലാതെ ജിയോയ്ക്ക് ഒ.എഫ്.സി സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകാൻ സാധിക്കുകയില്ല. ആയതിനാൽ റിലയൻസ് ജിയോയ്ക്ക് പ്രസ്തുത റോഡിൽ ഒ.എഫ്.സി കേബിൾ സ്ഥാപിക്കുന്നതിന് RoW(Right of Way) അനുമതിയുണ്ടോയെന്ന് പരിശോധിക്കേണ്ടതും, ഇല്ലാത്തപക്ഷം ആയത് ബന്ധപ്പെട്ട വകുപ്പിനെ അറിയിക്കേണ്ടതും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എല്ലാ ടെലഫോൺ/ മൊബൈൽ കമ്പനികളുടെ അപേക്ഷകളിലും, ഒ.എഫ്.സി സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്ന റോഡിൽ വിവരസാങ്കേതിക വകുപ്പ് നൽകുന്ന RoW (Right of Way) അനുമതിയുണ്ടോയെന്ന കാര്യം കൃത്യമായി പരിശോധിക്കേണ്ടതാണ്.

## 1-16 റോഡ് റീസ്റ്റോറേഷനുള്ള പഴയ നിരക്കുകൾ പ്രകാരം റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കി-ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചു

അപേക്ഷ നം.എ4-9452/17 തി.13/10/17 പ്രകാരം ബി.എസ്.എൻ.എൽ., നെല്ലായി ജംഗ്ഷൻ മുതൽ വൈലൂർ മഹാദേവ ക്ഷേത്രം വഴി നെല്ലായി ബി.എസ്.എൻ.എൽ ടവർ വരെ 1000 മീറ്റർ ദൂരം ഒ.എഫ്.സി സ്ഥാപിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 28/11/2017 തിയ്യതിയിലെ തീരുമാനം 1/1 പ്രകാരം എസ്റ്റിമേറ്റ് തുകയായ 242219/- രൂപ അടവാക്കി ബി.എസ്.എൻ.എല്ലിന് അനുമതി നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കത്ത് നം.എ4/9452/17 തി 10/11/17 പ്രകാരം 242219/-രൂപ ഡിമാന്റായി ആവശ്യപ്പെട്ട് ബി.എസ്.എൻ.എല്ലിന് കത്തയച്ചിട്ടുണ്ട്. അതിനുശേഷം 6/7/18-ാം തിയ്യതിയിൽ അപേക്ഷ നം.5749/18 പ്രകാരം ബി.എസ്.എൻ.എൽ പണം അടവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ ജി.എസ്.ടി നമ്പർ ആവശ്യപ്പെട്ടിട്ടുള്ളതായി കാണുന്നു. ഗ്രാമപഞ്ചായത്ത് മുൻ ഡിമാന്റിൽ നിന്നും ജി.എസ്.ടി ഒഴിവാക്കി പുതിയ ഡിമാന്റായി 216267/-രൂപ ആവശ്യപ്പെട്ട് ബി.എസ്.എൻ.എല്ലിന് കത്തയച്ചിട്ടുള്ളതായി കാണുന്നു (കത്ത് നം എ4/9452/17 തി 18/7/18). 15/1/2019-ാം തിയ്യതിയിലാണ് രശീതി നം 118070400034 പ്രകാരം ബി.എസ്.എൻ.എൽ ഗ്രാമപഞ്ചായത്തിൽ പണം അടവാക്കിയത്.

ചീഫ് എഞ്ചിനീയറുടെ 22/5/2018-ാം തിയ്യതിയിലെ ഉത്തരവ് നം. CE/R&B/GL-RC/1/18 ഉത്തരവു പ്രകാരം റോഡ് റീസ്റ്റോറേഷനുള്ള പുതുക്കിയ നിരക്കുകൾ പ്രകാരമല്ല പുതിയ ഡിമാന്റ്(18/7/2018 ൽ) ബി.എസ്.എൻ.എല്ലിന് നൽകിയിട്ടുള്ളത്. ആയതുമൂലം ഗ്രാമപഞ്ചായത്തിന് റോഡ് റീസ്റ്റോറേഷൻ ചാർജ്ജിൽ വലിയ നഷ്ടം സംഭവിച്ചിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. നഷ്ടം കണക്കാക്കുന്നതിന് ഫയൽ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (18/20.11.2020, 21/24.11.20) നൽകിയപ്പോൾ പ്രസ്തുത ഫയലുകൾ പ്രളയത്തിൽ നഷ്ടപ്പെട്ടുവെന്നാണ് മറുപടി നൽകിയത്. റോഡ് റീസ്റ്റോറേഷനുള്ള തുക അടവാക്കിയതിനുശേഷം ഗ്രാമപഞ്ചായത്ത് അനുമതി ഉത്തരവിറക്കുകയോ,ബി.എസ്.എൻ.എല്ലുമായി കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. ഡിമാന്റ് നൽകി (10/11/17-ാം തിയ്യതിയിൽ) ഒന്നര വർഷത്തിനുശേഷമാണ് ബി.എസ്.എൻ.എൽ പണം അടവാക്കിയിട്ടുള്ളത്. ചീഫ് എഞ്ചിനീയറുടെ 22/5/2018-ാം തിയ്യതിയിലെ CE/R&B/GL-RC/1/18 -ാം ഉത്തരവിലെ പുതിയനിരക്കുകൾ പ്രകാരം ഡിമാന്റ് തയ്യാറാക്കി

ബി.എസ്.എൻ.എല്ലിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ പഴയ നിരക്കു പ്രകാരമാണ് റോഡ് റീസ്റ്റോറേഷനുള്ള തുക ഗ്രാമപഞ്ചായത്ത് ഈടാക്കിയത്. അതുപോലെ തന്നെ ബി.എസ്.എൻ.എല്ലിന് മേൽ പ്രസ്താവിച്ച റോഡിൽ ഒ.എഫ്.സി കേബിൾ സ്ഥാപിക്കുന്നതിന് ഇലക്ട്രോണിക്സ് & ഐറ്റി വകപ്പിൽ നിന്നും RoW(Right of way) അനുമതിയുണ്ടെന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും തന്നെ കാണാൻ സാധിച്ചില്ല. ആയതിനാൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

# 1-17 പ്രളയത്തിൽ നഷ്ടപ്പെട്ട ഫയലുകൾ

ഡി&ഒ ലൈസൻസ് അപേക്ഷകൾ (453/2018-19 വരെ), രജിസ്റ്റർ, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, അപേക്ഷകൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, അപേക്ഷകൾ, ലൈവ് സ്റ്റോക്ക് ഫാമുകളുടെ അപേക്ഷകൾ, രജിസ്റ്റർ, കമ്മ്യൂണിറ്റിഹാൾ വാടക്ക് നൽകിയ അപേക്ഷകൾ, രജിസ്റ്റർ, ലേലത്തിന്റെ ഫയലുകൾ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 22/24.11.2020 നൽകി, ഈ അപേക്ഷകളും രജിസ്റ്ററുകളും പ്രളയത്തിൽ നശിച്ചുപോയെന്നാണ് മറുപടി നൽകിയത്. ആയതിനാൽ മുകളിൽ പ്രസ്താവിച്ച ഇനങ്ങൾ പരിശോധിക്കാൻ സാധിച്ചില്ലായെന്നുള്ള വിവരം ഭരണസമിതിയേയും, ഭരണവകുപ്പിനെയും അറിയിക്കുന്നു

# 1-18 ദേശീയ തൊഴിലുറപ്പു പദ്ധതി--ക്വാറി മക്ക് ഫില്ലിങ്ങിന് അധിക നിരക്ക് നൽകി

707 (SOP) കുന്നത്ത് കോളനി റോഡ് നിർമാണം
സാങ്കേതികാനുമതി 35 /18-19 തുക ₹ 50000-
ഭരണാനുമതി 3 (2), തിയ്യതി 31-1-18 തുക ₹ 50000-
അളവുപുസ്തകം നമ്പർ – 265 / 18-19
ഓഡിറ്റ് എൻക്വയറി നമ്പർ 14, തിയ്യതി 20-11-2020

ഇനം 51.2.3 നമ്പറിൽ ക്വാറി മക്ക് ഫില്ലിങ്ങ് എന്ന ഒബ്സർവ്ഡ് ഡാറ്റ പ്രകാരം ക്വാറി മക്ക് ഫില്ലിങ്ങിന് നൽകാവുന്ന നിരക്ക് ₹891.95/m3 ആണ്. എന്നാൽ മേൽപ്രകാരം പ്രവൃത്തിയുമായി ബന്ധപ്പെട്ട് ക്വാറി മക്ക് ഫില്ലിങ്ങിനത്തിൽ ₹1262.42/m3 എന്ന അധിക നിരക്ക് നൽകിയിട്ടുണ്ട്. അളവുപുസ്തകം പേജ് നമ്പർ 2 പ്രകാരം 8.1m3 ക്വാറി മക്ക് ഫില്ലിങ്ങ് നടന്നിട്ടുണ്ട്. ആകെ അധികം നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| അനുവദിച്ച തുക 8.1 m3 @ 1262.42/m3 | = ₹ 10225- |
| അനുവദിക്കാവുന്ന തുക 8.1 m3 @ 891.95/m3 | = ₹ 7225- |
| അധികം ചെലവു ചെയ്ത തുക 8.1 m3 @ 370.47/m3 | = ₹ 3000- |

അധികം ചെലവു ചെയ്ത തുക ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

# 1-19 ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്റ്റുകൾ---ന്യൂനതകൾ

നിർവഹണോദ്യോഗസ്ഥൻ --ഡയറി ഫാം ഇൻസ്ട്രക്ടർ

( അ ) പ്രൊജ. നം. 116/19 ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിനു സബ്സിഡി --മുഴുവൻ തുകയും പ്ലാൻഫണ്ടിൽ നിന്ന് ചെലവു ചെയ്തു.

അടങ്കൽ

പൊതു ( സാധാരണ ) വിഹിതം ₹ 4,25,000-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹ 3,00,000-

ജില്ലാ പഞ്ചായത്ത് വിഹിതം ₹ 1,00,000-

ആകെ ₹ 8,25,000-

ട്രഷറി ബിൽ നം. 1 തിയ്യതി 30-11-18, തുക ₹ 4,25,000-

ചെക്ക് നം. 6914987 തിയ്യതി 7-3-19, തുക ₹ 4,00,000-

ഓഡിറ്റ് എൻക്വയറി നമ്പർ 2, തിയ്യതി 12-11-2020

ക്ഷീരോത്പാദക സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് ലിറ്ററിന് ₹ 4 നിരക്കിൽ സബ്സിഡി മുഴുവനായും പദ്ധതി വിഹിതത്തിൽ നിന്ന് നൽകിയിട്ടുള്ളതായി കണ്ടു. സ.ഉ. ( എം.എസ് ) 22/18 ത.സ്വ.ഭ.വ തി. 14-2-18 സബ്സിഡി മാർഗരേഖ പ്രകാരം ക്ഷീരവികസന വകുപ്പ് വഹിക്കേണ്ട ₹ 1 വിഹിതമുൾപ്പടെ ആകെ ₹ 4 സബ്സിഡി നൽകുന്നതിനാണ് നിർദ്ദേശമുള്ളത്. സബ്സിഡിയിനത്തിൽ മുഴുവൻ തുകയും പ്ലാൻ ഫണ്ടിൽ നിന്ന് ചെലവു ചെയ്തത് ക്രമ പ്രകാരമല്ല.

( ആ ) കാഷ് ബുക്ക് T R 7 A പ്രകാരം എഴുതി സൂക്ഷിച്ചിട്ടില്ല

കേരള ട്രഷറി കോഡ് റൂൾ 92 എ (i), (ii) എന്നിവ പ്രകാരം സർക്കാർ പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും T R-7 A കാഷ് ബുക്ക് സൂക്ഷിക്കേണ്ടതുണ്ട്. ഓഡിറ്റ് കാലയളവിൽ നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

മേൽപ്രകാരം ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

# 1-20 നീർത്തട മാസ്റ്റർ പ്ലാൻ ചെലവു രേഖകൾ ഹാജരാക്കേണ്ടതാണ്.

പ്രോജക്റ്റ് നമ്പർ. SO 113/19

നിർവ്വഹണോദ്യോഗസ്ഥന്റെ ട്രഷറി ബിൽ ബുക്ക് നമ്പർ. 3/ 21-03-2018

ചെലവു തുക. 65000

26/11/2018 തിയ്യതിയിൽ പുതുക്കാടുള്ള സെന്റർ ഫോർ സോഷ്യൽ ആന്റ് റിസോഴ്സ് ഡെവലപ്പ്മെന്റ് എന്ന സ്ഥാപനത്തിന് താഴെ ചേർക്കും പ്രകാരം തുക നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് താഴെ ചേർക്കുന്ന ഓഡിറ്റ്നിരീക്ഷണങ്ങൾക്ക് മറുപടി നൽകേണ്ടതാണ്.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | ലാന്റ് യൂസ് ബോർഡ് നീർത്തടങ്ങൾ 6*1000 | 6000 |
| 2 | പരിശീലനം , പ്രചാരണം 6*500 | 3000 |
| 3 | ഫീൽഡു തല സർവ്വെ 6*7500 | 45000 |
| 4 | റിപ്പോർട്ടു തയ്യാറാക്കൽ ഡി.ടി.പി | 9000 |
| 5 | സ്റ്റേഷനറി 6*500 | 3000 |
| | ആകെ | 66000 |

മേൽ പറഞ്ഞ 66000 രൂപയിൽ 65000 രൂപ ചിലവഴിച്ചതായാണ് കാണുന്നത്. മുഴുവൻ പ്രവർത്തനങ്ങളും ഒരു ഏജൻസിയെ ഏൽപ്പിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്. സർവ്വേ, പരിശീലനം എന്നിങ്ങനെയുള്ളവ ഏജൻസി നടത്തി എന്ന തെളിയിക്കുന്ന യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് ഏജൻസിയുമായി ചേർന്ന് കരാർ ഉണ്ടോ എന്ന് വ്യക്തമല്ല.

നീർത്തടമാസ്റ്റർ പ്ലാൻ നിലവിൽ തയ്യാറായിക്കഴിഞ്ഞു എന്നും വ്യക്തമായ രേഖയില്ല. ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. മേൽക്കാരണങ്ങളാൽ ആകെ 65000 രൂപയുടെ ചെലവ് നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ. 16/19-11-2020)

# 1-21 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - രേഖകൾ ഹാജരാക്കിയില്ല.

നെൽകൃഷിക്ക് കൂലിച്ചിലവ് നൽകൽ (എസ്.സി.പി)

പ്രോജക്ട് നമ്പർ. 82/19

ഫണ്ടിനം- പ്രത്യേക ഘടക പദ്ധതി

നിർവ്വഹണോദ്യോഗസ്ഥന്റെ ട്രഷറി ബിൽ ബുക്ക് നമ്പർ. 6/ 27-03-2018

ഈ പദ്ധതിയിലുൾപ്പെടുത്തി ആകെ 34 ഗുണഭോക്താക്കൾക്ക് 228350 രൂപ നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ ഗുണഭോക്തൃലിസ്റ്റ്, അപേക്ഷകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് മറുപടി നൽകിയിട്ടില്ല. ആയതിനാൽ ആകെ 228350 രൂപയുടെ ചിലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ.16/19-11-2020)

# 1-22 അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കായി പ്രോജക്ടുകളുടെ വിവരങ്ങൾ.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 2018-19 വർഷത്തെ പ്രോജക്ടുകളിൽ ഹാജരാക്കാത്തവയുടെ വിവരം താഴെ ചേർക്കുന്നു.

താഴെ ചേർക്കുന്ന പ്രോജക്ടുകളുടെ രേഖകൾ പട്ടികയിൽ ചേർക്കും പ്രകാരം പ്രളയത്തിൽ തിരിച്ചു കിട്ടാത്ത വിധം നശിച്ചു പോയതായി 25/09/2018 ലെ കമ്മിറ്റി 5/1 ആയി തീരുമാനം എടുത്തിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | ഫണ്ടിനം scp | ഫണ്ടിനം മറ്റിനം | ആകെ | പ്രളയത്തിലെ നാശത്തിന്റെ സ്വഭാവം | ഹാജരാക്കാൻ കഴിയുമെന്ന് അവകാശപ്പെട്ട രേഖകൾ | കമ്മിറ്റി തീരുമാനത്തിൽ പ്രളയനാശത്തെ സാധൂകരിക്കുന്ന പട്ടികയിലെ ക്രമ നമ്പർ |
|---|---|---|---|---|---|---|---|
| 1 | 107.പട്ടിക ജാതിക്കാർക്ക് കുടിവെള്ളം സംഭരിക്കുന്നതിന് വാട്ടർ ടാങ്ക് | 250000 | 83375 | 333500 | ഭാഗികം | സാംഖ്യ വൗച്ചറുകൾ | 9 |
| 2 | 109. sc വിദ്യാർത്ഥികൾക്ക് പഠനത്തിന് അടിസ്ഥാന സൗകര്യം ഒരുക്കൽ | 300000 | - | 300000 | ഭാഗികം | സാംഖ്യ വൗച്ചറുകൾ | 25 |
| 3 | 111. പട്ടിക ജാതി വൃദ്ധർക്ക് കട്ടിൽ | 238472 | - | 238472 | ഭാഗികം | സാംഖ്യ വൗച്ചറുകൾ | 27 |
| 4 | 115. പട്ടിക ജാതി വിദ്യാർത്ഥികൾക്ക് | 733062 | 19738 | 752800 | ഭാഗികം | സാംഖ്യ വൗച്ചറുകൾ | 28 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ലാപ് ടോപ്പ് വിതരണം | | | | | | |
| 5 | SO 194 പട്ടികജാതി കിണർ നിർമ്മാണം | 17000 | – | 17000 | ഭാഗികം | സാഖ്യ വൗച്ചറുകൾ | 29 |
| 6 | SO 195. പട്ടികജാതി ഭവന പുനരുദ്ധാരണം | 25000 | – | 25000 | ഭാഗികം | സാംഖ്യ വൗച്ചറുകൾ | 25 |
| 7 | SO 198. എസ്.സി വിഭാഗത്തിന് കുടിവെള്ളം സംഭരിക്കുന്നതിന് വാട്ടർടാങ്ക് | 181800 | 18600 | 200400 | ഭാഗികം | സാംഖ്യ വൗച്ചറുകൾ | 20 |
| 8 | SO 200 വൃദ്ധർക്ക് കട്ടിൽ | 377468 | – | 377468 | ഭാഗികം | സാംഖ്യ വൗച്ചറുകൾ | 20 |

മേൽക്കാണിച്ച ചെലവുകളുടെ സാംഖ്യ വൗച്ചറുകൾ ഓഡിറ്റിൽ പരിശോധിച്ചു. മറ്റു രേഖകളുടെ അഭാവത്തിൽ ചെലവുകളുടെ കൃത്യത പരിശോധിക്കാനായില്ലെങ്കിലും മേൽ സൂചിപ്പിച്ച കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽ ചെലവുകൾ ഓഡിറ്റിൽ അംഗീകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി. 15/ 19-11-2020

# 1-23 വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിലെ നിരീക്ഷണങ്ങൾ

1.പ്രോജക്റ്റ് നമ്പർ. 40/19

ലൈഫ് ഭവന നിർമ്മാണം - പട്ടിക ജാതി വിഭാഗം.

ആകെ തൻവർഷച്ചെലവ്- പ്ലാൻ ഫണ്ട്, പ്രത്യേക ഘടക പദ്ധതി. 2960000

വി.ഇ.ഒ നന്തിക്കര സർക്കിൾ

10/10/2018 മുതൽക്കുള്ള ട്രഷറി ബിൽ ബുക്ക് ഹാജരാക്കിയിട്ടുണ്ട്. എട്ട് അപേക്ഷകളിൽ രണ്ട് എണ്ണം ഹാജരാക്കാനായിട്ടില്ല. ഗുണഭോക്താക്കളുടെ രജിസ്റ്റർ, കംപ്ളീഷൻ വിവരങ്ങൾ, സ്റ്റേജ് സർട്ടിഫിക്കറ്റ് എന്നിവയൊന്നും ഹാജരാക്കാനായിട്ടില്ല. 25/09/2018 തിയ്യതിയിൽ ഗ്രാമപഞ്ചായത്തിന്റെ 5/1 തീരുമാനമാനത്തിലെ ഖണ്ഡിക 50 ആയി പ്രോജക്ടിനോടനുബന്ധിച്ചുള്ള രേഖകൾ തിരിച്ചു കിട്ടാത്തവിധം നശിച്ചു പോയതായി രേഖപ്പെടുത്തിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ചെലവിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല. എങ്കിലും പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഓഡിറ്റിൽ അംഗീകരിക്കുന്നു.

2.പ്രോജക്റ്റ് നമ്പർ. 275/19

പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം

ഫണ്ടിനം പ്രത്യേക ഘടക പദ്ധതി. ₹666666

വി.ഇ.ഒ നന്തിക്കര സർക്കിൾ

അഞ്ച് ഗുണഭോക്താക്കൾക്കാണ് മുടങ്ങിപ്പോയ ഭവനനിർമ്മാണം പൂർത്തീകരിക്കാനായി ധനസഹായം അനുവദിച്ചത്. ഈ വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിന് ആധാരമാക്കിയ ആദ്യഘട്ടത്തിലെ ഫയൽ ഉൾപ്പെടെ സ്റ്റേജ്

സർട്ടിഫിക്കറ്റ്, കംപ്ലീഷൻ വിവരങ്ങൾ എന്നിവയൊന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 25/09/2018 തിയ്യതിയിൽ ഗ്രാമപഞ്ചായത്തിന്റെ 5/1 തീരുമാനമാനത്തിലെ ഖണ്ഡിക 51 ആയി പ്രോജക്ടിനോടനുബന്ധിച്ചുള്ള രേഖകൾ തിരിച്ച് കിട്ടാത്തവിധം നശിച്ച് പോയതായി രേഖപ്പെടുത്തിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ചെലവിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല. എങ്കിലും പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഓഡിറ്റിൽ അംഗീകരിക്കുന്നു.

3.പ്രേജക്ട് നമ്പർ. 188/18-19

സ്പിൽ ഓവർ പ്രോജക്ട്.

ഫണ്ടിനം- പ്രത്യേക ഘടക പദ്ധതി

ആകെ ചെലവിട്ട തുക. ₹283333

വി.ഇ.ഒ നന്തിക്കര സർക്കിൾ

ആകെ അഞ്ച് ഗുണഭോക്താക്കൾക്കാണ് ധനസഹായം അനുവദിച്ചത്. ഈ വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിന് ആധാരമാക്കിയ ആദ്യഘട്ടത്തിലെ ഫയൽ ഉൾപ്പെടെ സ്റ്റേജ് സർട്ടിഫിക്കറ്റ്, കംപ്ലീഷൻ വിവരങ്ങൾ എന്നിവയൊന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 25/09/2018 തിയ്യതിയിൽ ഗ്രാമപഞ്ചായത്തിന്റെ 5/1 തീരുമാനമാനത്തിലെ ഖണ്ഡിക 49 ആയി പ്രോജക്ടിനോടനുബന്ധിച്ചുള്ള രേഖകൾ തിരിച്ച് കിട്ടാത്തവിധം നശിച്ച് പോയതായി രേഖപ്പെടുത്തിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ചെലവിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല. എങ്കിലും പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഓഡിറ്റിൽ അംഗീകരിക്കുന്നു.

4.പ്രോജക്ട് നമ്പർ . 187/19 (സ്പിൽ ഓവർ)

ലൈഫ് മിഷൻ പദ്ധതി .

പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം

ആകെ ചെലവ്. പൊതുവിഭാഗം സാധാരണ വിഹിതം. ₹170000

തനത് ഫണ്ട് . ₹116070

റോഡിതര മെയിന്റനൻസ് ഗ്രാന്റ്. ₹73930

ആകെ. ₹360000

വി.ഇ.ഒ പറപ്പൂക്കര സർക്കിൾ

ആകെ ആറ് പേർക്കാണ് ധനസഹായം അനുവദിച്ചത്. ഈ വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിന് ആധാരമാക്കിയ ആദ്യഘട്ടത്തിലെ ഫയൽ ഉൾപ്പെടെ സ്റ്റേജ് സർട്ടിഫിക്കറ്റ്, കംപ്ലീഷൻ വിവരങ്ങൾ എന്നിവയൊന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 25/09/2018 തിയ്യതിയിൽ ഗ്രാമപഞ്ചായത്തിന്റെ 5/1 തീരുമാനമാനത്തിലെ ഖണ്ഡിക 35 ആയി പ്രോജക്ടിനോടനുബന്ധിച്ചുള്ള രേഖകൾ തിരിച്ച് കിട്ടാത്തവിധം നശിച്ച് പോയതായി രേഖപ്പെടുത്തിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ചെലവിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല. എങ്കിലും പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഓഡിറ്റിൽ അംഗീകരിക്കുന്നു.

5.പ്രോജക്ട് നമ്പർ. 273/19

ലൈഫ് മിഷൻ ഭവന പദ്ധതി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം.

ആകെ തുക. 1223333

ഫണ്ടിനം- പൊതുവിഭാഗം സാധാരണ വിഹിതം

വി.ഇ.ഒ പറപ്പൂക്കര സർക്കിൾ

ആകെ ആറ് പേർക്കാണ് ധനസഹായം അനുവദിച്ചത്. ഈ വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിന് ആധാരമാക്കിയ ആദ്യഘട്ടത്തിലെ ഫയൽ ഉൾപ്പെടെ സ്റ്റേജ് സർട്ടിഫിക്കറ്റ്, കംപ്ലീഷൻ വിവരങ്ങൾ എന്നിവയൊന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 25/09/2018 തിയ്യതിയിൽ ഗ്രാമപഞ്ചായത്തിന്റെ 5/1 തീരുമാനമാനത്തിലെ ഖണ്ഡിക 39 ആയി പ്രോജക്ടിനോടനുബന്ധിച്ചുള്ള രേഖകൾ തിരിച്ച് കിട്ടാത്തവിധം നശിച്ച് പോയതായി

രേഖപ്പെടുത്തിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ചെലവിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല. എങ്കിലും പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഓഡിറ്റിൽ അംഗീകരിക്കുന്നു.

# 1-24 കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം(സെൻട്രൽ നിയമം) വകുപ്പുകൾ 3(1), (2) എന്നിവ പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനത്തിൽ കുറയാത്ത തുക ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതും വകുപ്പ് 3(3) അനുസരിച്ച് ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതുമാണ്. ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്ത്, ബോർഡിലേക്ക് അടവാക്കിയ തുകയിൽ നിന്നും ആയതിന്റെ 1% കളക്ഷൻ ചാർജ് ഇനത്തിൽ ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 12/19.11.2020)

# 1-25 ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ

ഓഡിറ്റ് എൻക്വയറി നം. 1, തിയ്യതി 10-11-2020

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജ് മെന്റ് കമ്മിറ്റി) ചട്ടങ്ങൾ, സ.ഉ.(ആർ.റ്റി.) 3379/2014 എച്ച് & എഫ്. ഡബ്ളിയു.ഡി തി.3-12-2004 ഏന്നിവ പ്രകാരം അലോപ്പതി / ആയുർവ്വേദം / ഹോമിയോ എന്നിങ്ങനെ വിവിധ ചികിത്സാ വിഭാഗങ്ങളിലായി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ആയുർവ്വേദം / ഹോമിയോ വിഭാഗങ്ങളുമായി ബന്ധപ്പെട്ട മാനേജ്മെന്റ് കമ്മിറ്റികൾ യഥാക്രമം 5-6-2002, 2019 ഏപ്രിൽ എന്നിങ്ങനെയുള്ള കാലയളവിൽ രൂപീകരിച്ചു. അലോപ്പതിവിഭാഗം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ 2018 ലെ പ്രളയത്തിൽ നഷ്ടമായതായി ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകി. വിവിധ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ഒ.പി / ലാബ് എന്നീയിനങ്ങളിൽ തുക ഈടാക്കുന്നില്ലായെന്നും വരവ് ചെലവുകൾ ഇല്ലാത്തതിനാൽ വാർഷികകണക്കുകൾ തയ്യാറാക്കിയിട്ടില്ലായെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.

# 1-26 തനതുഫണ്ട് വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

1-4-2018 മുതൽ 22-8-2018 വരെയുള്ള തനതുഫണ്ട് വൗച്ചറുകളും ബിൽ രജിസ്റ്ററുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതേ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.20/23-11-2020-ന് 2018 ആഗസ്റ്റ് മാസത്തെ പ്രളയത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ നഷ്ടപ്പെട്ടുവെന്ന് മറുപടി ലഭിച്ചു. ഇക്കാര്യം ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-27 വിനിയോഗ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന പ്രോജക്ടുകളിൽ വിവിധ ഏജൻസികൾക്ക് പണം നൽകിയിട്ടുണ്ട്. ഇവയുടെ വിനിയോഗ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ഫണ്ടിനം/തുക | ട്രഷറി ബിൽ നമ്പർ/ തിയ്യതി | തുക കൈമാറിയ ഏജൻസി |
|---|---|---|---|---|---|
| 1 | 15/19 | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ധനകാര്യ കമ്മീഷൻ അവാർഡ്/ ₹5,00,000 | 27/17-12-18 | KWA.എക്സിക്യൂട്ടീവ് എഞ്ചിനീയർ. ഇരിഞ്ഞാലക്കുട |
| 2 | 13/19 | വാർഡ് 3ൽ കുടിവെള്ള പൈപ്പ് ലൈൻ | ധനകാര്യ കമ്മീഷൻ | 26/17-12-18 | KWA.എക്സിക്യൂട്ടീവ് എഞ്ചിനീയർ. |

| | | | | | |
|---|---|---|---|---|---|
| | | എക്സ്റ്റൻഷൻ | അവാർഡ്/ ₹1,50,000 | | ഇരിഞ്ഞാലക്കുട |
| 3 | 103/19 | വിജ്ഞാൻസാഗർ- വിഹിതം കൈമാറൽ | വികസനഫണ്ട്/ ₹1,00,000 | 5/29-5-18 | സെക്രട്ടറി, ജില്ലാപഞ്ചായത്ത് |
| 4 | 101/19 | സുശാന്തം- വയോജനക്ഷേമകേന്ദ്ര പ്രവർത്തനം | വികസനഫണ്ട്/ ₹50,000 | 6/ 29-05-18 | സെക്രട്ടറി, ജില്ലാപഞ്ചായത്ത് |
| 5 | 10/19 | ഐ.കെ.എം.പ്രവർത്തന ഫണ്ടിലേക്ക് തുക കൈമാറൽ | വികസനഫണ്ട്/ ₹91,113 | 12/ 2-07-18 | ഐ.കെ.എം. ഡയറക്ടർ |

ഓഡിറ്റ് എൻക്വയറി 9/19-11-20

# 1-28 തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾ- അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി
പ്രോജക്ട് നമ്പർ-192/2019
ധനകാര്യകമ്മീഷൻ ഗ്രാന്റ്-11,98,350/-
ട്രഷറി ബിൽ നമ്പർ-1/2018-19dt30-05-2018---തുക 1,55,085/-
20/2018-19dt12-10-2018—തുക 5,14,647/-
32/2018-19dt26-12-2018---തുക 2,98,753/-
44/2018-19dt28-03-2019---തുക 2,29,865/-
എഗ്രിമെന്റ് നമ്പർ-8/2017-18dt9-02-2018
ശ്രീ.റിയാസ്,അമാസ് പവ്വർ കോൺട്രാക്ടേഴ്സ് എന്ന വ്യക്തിയുമായി 9-02-2018 മുതൽ ഒരു വർഷത്തേക്ക് താഴെപ്പറയുന്ന നിരക്കിൽ കരാറിൽ ഏർപ്പെട്ടതായി കാണുന്നു.

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| LED BULB | 190 | 349/- | 66,310/- |
| CFL | 435 | 349/- | 1,51,815/- |
| TUBE SET | 1775 | 551/- | 9,78,025/- |
| BULB | 55 | 40/- | 2,200/- |

കരാറുകാരന്റെയും മെമ്പർമാരുടെയും സാക്ഷ്യപത്ര പ്രകാരം1042 TUBE SET,562 CFL,84 LEDഎന്നീ ഇനങ്ങളിലുള്ള തെരുവുവിളക്കുകൾ മാത്രമാണ് റിപ്പയർ ചെയ്തിട്ടുള്ളത്. ആയത് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതേ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 9/19-11-2020 ന് മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

# 1-29 കന്നുകുട്ടിപരിപാലനം- തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ
പ്രോജക്ട് നം2/19 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 50 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി ബിൽ നം 4/23-3-2019 പ്രകാരം 3,12,500/-രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ക്ഷീര സംഘം മുഖേനയാണ് പദ്ധതി നിർവ്വഹിച്ചിരിക്കുന്നത്. ടി സ്ഥാപനം ഹാജരാക്കിയ നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ നിലവിൽ കാലിത്തീറ്റ കൈപ്പറ്റുന്നില്ലായെന്ന് കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കാലിത്തീറ്റ കൈപ്പറ്റിയ കാലയളവ് |
|---|---|---|
| | | |

| | | |
|---|---|---|
| 1 | ആനി യോഹന്നാൻ | 3/19 മുതൽ 2/20വരെ |
| 2 | ശോഭന കാരണത്ത് | 3/19 മുതൽ 4/19 വരെ |
| 3 | ലെനിൻ | 3/19 മുതൽ 10/19വരെ |
| 4 | ഇന്ദിര കുറുവത്ത് | 3/19 മുതൽ 6/19വരെ |

എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ വിനിയോഗസാക്ഷ്യപത്ര പ്രകാരം പദ്ധതി പൂർത്തീകരിച്ചപ്പോൾ 30,739/- രൂപ നീക്കിയിരിപ്പുണ്ട്.പദ്ധതിവിഹിതം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-30 സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന പ്രോജക്ടുകളിൽ വിവിധ സ്ഥാപനങ്ങളിൽ നിന്ന് മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 3,58,610 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 17/20-11-2020)

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ഫണ്ടിനം/ തുക | ട്രഷറി ബിൽ നമ്പർ/ തിയതി | സ്ഥാപനം |
|---|---|---|---|---|---|
| 1 | 91/19 | ജീവിതശൈലി രോഗനിയന്ത്രണം | മെയിന്റനൻസ് ഫണ്ട്1,00,000 | 8/16-1-19 | കേരള അഗ്രോ ഇൻഡസ്ട്രീസ്,അരിമ്പൂർ |
| 2 | 90/19 | മരുന്ന് വാങ്ങൽ | മെയിന്റനൻസ് ഫണ്ട്2,00,000 | 10/7-2-19 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ |
| 3 | 88/19 | ഫാർമസി ശീതീകരിക്കൽ | മെയിന്റനൻസ് ഫണ്ട്29,700 | 14/25-3-19 | മരിയ ഹോം അപ്ലയിൻസസ്, കൊടകര |
| 4 | 303/19 | വാട്ടർ പ്യൂരിഫയർ വാങ്ങൽ | മെയിന്റനൻസ് ഫണ്ട് 28,910 | 15/25-3-19 | ആരാധ്യ അസോസിയേറ്റ്സ്, ചാലക്കുടി |
| ആകെ | | | 3,58,610 | | |

സ്റ്റോക്ക് എൻട്രി നടത്തി സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 21-08-2019 | കെ.എസ്.എ-ടി.എസ്.ആർ(ഇ3) 1120/19(56) തി.24.8.19 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 410008 | പാലിയേറ്റീവ് പരിചരണം | 5963 | 304045 |
| | | | പ്രത്യേക ഹെഡിലേക്ക് മുൻബാക്കി മാറ്റിയത് | 100000 | |
| | 2018-19 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർ ഷിപ്പ് നൽകൽ | 200000 | 0 |
| | 2018-19 | 370000 | വൃദ്ധർക്ക് കട്ടിൽ നൽകൽ | 370000 | 0 |
| | 2018-19 | 300000 | അംഗൻവാടി അനുപൂരക പോഷകാഹാരം | 300000 | 0 |
| | 2018-19 | 400000 | നെൽകൃഷിക്ക് കൂലിച്ചെലവ് നൽകൽ | 400000 | 0 |
| | 2018-19 | 300000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പാലിന് സബ്സിഡി | | |
| | 2018-19 | 779557 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 773908 | 5649 |
| | 2018-19 | 197120 | ലൈഫ് ഭവന നിർമ്മാണം (പട്ടിക വിഭാഗം) | 0 | 197120 |
| | 2018-19 | 50000 | വനിത കർഷകർക്ക് പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് നൽകൽ | 0 | 50000 |
| | | 12000 | ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് | 0 | 12000 |
| | | 10000 | ഡ്രിങ്കിഗ് വാട്ടർ | | 10000 |
| | | 3028685 | | 2449871 | 578814 |
| OB | | 80 | | | 80 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | ശാരിരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്/ ബത്ത നൽകൽ | 200000 | 0 |
| | 2018-19 | 100000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി | 100000 | 0 |
| | 2018-19 | 240000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ | 240000 | 0 |
| | | 350000 | വൃദ്ധർക്ക് കട്ടിൽ നൽകൽ | 228188 | 121812 |
| | | 200000 | അംഗൻവാടി അനുപൂരക പോഷകാഹാരം | 200000 | 0 |
| | | 351258 | ലൈഫ് പദ്ധതി ജനറൽ | 351258 | 0 |
| | | 400000 | പാലിയേറ്റീവ് പരിചരണം | 0 | 400000 |
| | | 500000 | നെൽകൃഷിക്ക് കൂലിച്ചെലവ് നൽകൽ | 500000 | 0 |
| | | 1000000 | അംഗൻവാടി പുനർ നിർമ്മാണം | 0 | 1000000 |
| | | 200000 | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 0 | 200000 |
| ആകെ | | 3541338 | | 1819446 | 1721892 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വാർഡ് 3 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 218000889 തി.5.12.2018 | 150000 | 0 | 150000 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 218000892 തി.5.12.2018 | 500000 | 0 | 500000 |
| കെ.എസ്.ഇ.ബി. | ട്രാൻസ്ഫോമറുകൾക്ക് മീറ്ററുംകൺട്രോൾ യൂണിറ്റും സ്ഥാപിക്കുന്നതിന് തുക അടവാക്കൽ | 270143 തി.15.11.2018 | 63600 | 0 | 63600 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ശതാബ്ദി ഭവന പദ്ധതി | സ.ഉ(എംഎസ്)83/13/ എൽ.എസ്.ജി.ഡി തി.11.3.2013 | 14600000 | 10600000 | 2000000 | 1094465 | 8600000 |
| ലൈഫ് (KURDFC) | - | 3318167 | 3318167 | | | 3318167 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം - | 14020 |
| തൻവർഷം നിക്ഷേപിച്ച തുക | 591202 |
| ആകെ | 605222 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 605222 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രശീതി നം., തീയതി |
|---|---|---|---|---|
| 2014-15 | 3.5 | 598 | സംഗമം പ്രിന്റേഴ്സ് | 118070102369/ 28.7.18 |
| 2013-14 | 3.5 | 1500 | ജീജ പ്രേമദാസ് | 118070103798/ 8.11.18 |
| 2012-13 | 3.3 | 1388 | വിനയൻ എം.സി | 118070107807/ 30.3.19 |
| ആകെ | | 3486 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 96940429 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 80870965 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1850310/- |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 65000 | എൻ.കെ.അജിത്ത് മോഹൻ.കൃഷി ഓഫീസർ |
| 1-21 | 228350 | എൻ.കെ.അജിത്ത് മോഹൻ.കൃഷി ഓഫീസർ |
| 1-28 | 11,98,350/- | അജിത .കെ സെക്രട്ടറി |
| 1-30 | 3,58,610 | ശിവരാജൻ കെ.ജി,മെഡിക്കൽ ഓഫീസർ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എൻ.കെ.അജിത്ത് മോഹൻ, കൃഷി ഓഫീസർ | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, | നെല്ലായിൽ ഹൗസ്, കൗപ്രം മന, |

| | | |
|---|---|---|
| | വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് | പേരാമംഗലം.പി.ഒ., 680 545 |
| അജിത .കെ സെക്രട്ടറി | സെക്രട്ടറി, പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | നെടിയംപറമ്പത്ത് വീട്, കൊളത്തൂർ |
| ശിവരാജൻ കെ.ജി., മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. പറപ്പൂക്കര | കല്ലംപുറം ഹൗസ്, ചാലക്കുടി.പി.ഒ., 680 307 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1994-95<br>1995-96<br>96-97<br>97-98<br>98-99<br>99-00 | കെ.എസ്.എ.ടി.എസ്.ആർ.പി.7-260/16 തീയ്യതി 27.2.2016/4.5.2016 ലെ ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 00-01 | എൽ.എഫ്.ടി.9-194/04/11.3.04 |
| 01-02 | എൽ.എഫ്.ടി.9-1645/04/1.3.05/7.7.05 |
| 00-01, 01-02 | എൽ.എഫ്.ടി.9-1730/03/20.2.04 |
| 02-03 | എൽ.എഫ്.ടി.16-1070/05/5.4.06 |
| 03-04 | എൽ.എഫ്.ടി.16-1894/06/8.2.07 |
| 04-05 | എൽ.എഫ്.ടി.16-63/09/15.12.09 |
| 05-06 | എൽ.എഫ്.ടി.16-1764/09/21.12.10 |
| 06-07 | എൽ.എഫ്.ടി.16-1765/09/21.12.10 |
| 07-08 | എൽ.എഫ്.ടി.പി.3-1919/11/25.2.12 |
| 08-09 | എൽ.എഫ്.ടി.പി.3-1913/11/25.2.12 |
| 09-10, 10-11 | എൽ.എഫ്.ടി.പി.3-1641/2012/05.3.13 |
| 11-12 | എൽ.എഫ്.ടി.പി.7-971/2013/22.11.13 |
| 12-13 | എൽ.എഫ്.ടി.പി.7-380/14/16.9.14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ പി7- 1273/15/ 4.11.15/16.11.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ പി7-998/16/23.06.2016 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ പി7-1734/16 തി.22.11.16 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ പി7-1644/17 തി.24.11.17/7.02.17 |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ പി7-773/19 തി.12.06.2019 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

# <u>അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| | | |

| | | |
|---|---|---|
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,
തൃശ്ശൂർ ജില്ല ഓഡിറ്റ് കാര്യാലയം,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്